ഉത്തരം

ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി അത്തർ മണ്ഡലത്തിൽ നിലവിൽ നിർദ്ദേശങ്ങളൊന്നും തന്നെയില്ല. എന്നാൽ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന ആർ.ആർ.ആർ. സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി അത്തർ മണ്ഡലത്തിലെ കുളങ്ങൾ നവീകരിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

ശമ്പള നിഷേധം

142 (2422) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് ജോലിചെയ്യുന്ന ജലസേചന വകുപ്പ് ജീവനക്കാർക്ക് ശമ്പളം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) ജലസേചന വകുപ്പ് ജീവനക്കാരുടെ എണ്ണം വെട്ടിക്കുറയ്ക്കുവാൻ ധനവകുപ്പ് നിർദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; ഓഫീസ്, തസ്തിക എന്നിവ തിരിച്ചുള്ള കണക്ക് നൽകുമോ;

(സി) ജീവനക്കാർക്ക് ശമ്പളം ലഭിക്കാത്ത സാഹചര്യം ഉണ്ടാകാതിരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; ഇതുസംബന്ധിച്ച് ജലസേചന വകുപ്പ് ചീഫ് എൻജിനീയറും സെക്രട്ടറിയും എന്തെല്ലാം നിർദ്ദേശങ്ങളും റിപ്പോർട്ടുകളുമാണ് സമർപ്പിച്ചിട്ടുള്ളത് എന്ന് പറയാമോ;

(ഡി) ചില പ്രത്യേക ഓഫീസുകളിൽ നിയമിക്കപ്പെട്ട എന്ന കാരണത്താൽ എത്ര സർവ്വീസുള്ളവരായാലും തുടർച്ചാനുമതിയുടെ പേരിൽ ശമ്പളം നിഷേധിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കുട്ടനാട് പാക്കേജ് ഉൾപ്പെടെയുള്ള ജലസേചന വകുപ്പിലെ താൽക്കാലികതസ്തികകൾക്ക് തുടർച്ചാനുമതി ലഭിക്കുവാൻ വൈകിയതുകൊണ്ടാണ് ഇപ്രകാരം സംഭവിച്ചത്.

(ബി) ജലസേചന വകുപ്പിലെ അധിക തസ്തികകൾ വെട്ടിക്കുറയ്ക്കുവാൻ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഫീസ്, തസ്തിക തിരിച്ച് കണക്കുകളൊന്നും ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടില്ല. ഈ വിഷയം സർക്കാർ പരിശോധിച്ച് വരുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത ഓഫീസുകളിലെ ജീവനക്കാർക്ക് ശമ്പളം ലഭിക്കുന്നതിനായി ജലസേചന വകുപ്പിലെ എല്ലാ താൽക്കാലിക തസ്തികകൾക്കും 31-3-2016 വരെ തുടർച്ചാനുമതി നൽകിക്കൊണ്ട് 15-2-2016-ലെ സ.ഉ.(ആർ.റ്റി.)നം. 134/2016/ ജവിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ജലസേചന വകുപ്പിലെ അധിക തസ്തികകൾ നിർത്തലാക്കി ബാക്കിയുള്ളവ സ്ഥിരം തസ്തികകളാക്കുന്നതിനായി ചീഫ് എഞ്ചിനീയർ (ഐ&എ) സമർപ്പിച്ചിട്ടുള്ളനിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

കല്ലട ജലസേചന പദ്ധതിയിലെ ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ

143 (2423) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലട ജലസേചന പദ്ധതിയുടെ ഭാഗമായി ചിറക്കര ഗ്രാമപഞ്ചായത്തിലെ 23-ാം കിലോമീറ്ററിൽ സ്ഥാപിച്ചിട്ടുള്ള ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവർത്തന സജ്ജമാക്കണമെന്ന് ആവശ്യപ്പെട്ട് ജനപ്രതിനിധികളിൽ നിന്നും അപേക്ഷയും, നിയമസഭയിൽ സബ്മിഷനും ഉന്നയിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടുവോ ;

(ബി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിലേക്ക് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; അവ ഒഴിവാക്കുന്നതിലേക്കായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തനം ആരംഭിച്ച് ചിറക്കര, പൂതക്കുളം, പരവൂർ എന്നീ പ്രദേശങ്ങളിൽ ജലം എത്തിക്കുന്നതിലേക്ക് എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇനി നടപ്പാക്കുവാനുള്ളത്; ഇതിലേക്ക് ഏത്ര രൂപാ ആവശ്യമായി വരുമെന്ന് അറിയിക്കുമോ;

(ഡി) എന്നത്തേക്ക് പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ചിറക്കരത്താഴം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുവാൻവേണ്ടി ചുവടെ ചേർക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തി

LIBRARY ARCHIVES Kerala Legislative Assembly